# കേരള പബ്ലിക് സർവീസ് കമ്മീഷൻ
# ജില്ലാ ആഫീസ് പത്തനംതിട്ട

റാങ്ക് പട്ടിക നമ്പർ: 397/2014/DOH തീയതി: 30.06.2014
കാറ്റഗറി നമ്പർ: 01/2014

പത്തനംതിട്ട ജില്ലയിൽ വനംവകുപ്പിൽ **ട്രൈബൽ വാച്ചർ** (വനാശ്രിതരായ ആദിവാസികളിൽ നിന്നുമാത്രം) തസ്തികയിലേക്ക് 8,500- 13,210/- രൂപ ശമ്പള നിരക്കിൽ 17.03.2014 മുതൽ 22.03.2014 വരെ തീയതികളിൽ നടത്തിയ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതും മാർക്കിന്റെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തിയതും പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം പ്രത്യേകമായി തയ്യാറാക്കിയിട്ടുള്ളതുമായ റാങ്ക് പട്ടിക ചുവടെ ചേർക്കുന്നു. ടി പട്ടിക പ്രാബല്യത്തിൽ വന്ന തീയതി 30.06.2014

ഈ റാങ്ക് പട്ടിക പ്രാബല്യത്തിൽ വന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നുവർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരുവർഷത്തിനുശേഷം ഇതേ തസ്തികയ്ക്ക് പുതിയൊരു റാങ്ക് പട്ടിക പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതിമുതൽ ഈ റാങ്ക് പട്ടികയ്ക്ക് പ്രാബല്യമു ായിരിക്കുന്നതല്ല. ഈ പട്ടികയുടെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് ഈ റാങ്ക് പട്ടികയിൽനിന്നും നിയമന ശിപാർശ നൽകുന്നതാണ്. റാങ്ക്പട്ടിക റദ്ദാക്കപ്പെടുമ്പോൾ ലിസ്റ്റിൽ അവശേഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക്, ടി ലിസ്റ്റിൽ ഉൾപ്പെട്ടു എന്നതുകൊുമാത്രം നിയമനത്തിന് യാതൊരു അവകാശവും ഉായിരിക്കുന്നതല്ല.

ഉദ്യോഗാർത്ഥികൾ തങ്ങളുടെ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ളതും ആവശ്യമായ പ്രമാണങ്ങൾ സഹിതം തെളിയിച്ചിട്ടുള്ളതുമായ ജാതി സംബന്ധിച്ച രേഖപ്പെടുത്തലുകളാണ് കോളം 6–ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. റാങ്ക് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ള ജാതി സംബന്ധമായി എന്തെങ്കിലും പരാതിയുള്ള ഉദ്യോഗാർത്ഥികൾ പ്രസ്തുത വിവരം ജില്ലാ ആഫീസർ, കേരള പബ്ലിക് സർവീസ് കമ്മീഷൻ ജില്ലാ ആഫീസ്, പത്തനംതിട്ട എന്ന വിലാസത്തിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി ഒരുമാസത്തിനകം രേഖാമൂലം അറിയിക്കേതാണ്.

നിയമനം വേണ്ടെന്നുവയ്ക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് അതിനുള്ള അവകാശം ഉായിരിക്കുന്നതാണ്. നിയമിക്കപ്പെടാനുള്ള അവകാശം വേണ്ടെന്നുവയ്ക്കുന്നു എന്ന് എഴുതിയ രേഖ ഒരു ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയതായിരിക്കണം. ഗസറ്റഡ് ആഫീസറുടെ പേരും, ഒപ്പും, പദവിയും, ആഫീസ് സീലും ഈ രേഖയിൽ ചേർത്തിരിക്കണം. ഒഴിവുവരുന്നതിന്റെ അന്നോ അതിനു മുമ്പോ, ജോലി വേണ്ടെന്നുവയ്ക്കുന്നതിന്റെ അപേക്ഷ ലഭിച്ചിരിക്കണം. ഒഴിവിനനുസരിച്ച് അപേക്ഷ പരിഗണിക്കുന്നതായിരിക്കും.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

കെ.എം. ഇടിക്കുള
ജില്ലാ ആഫീസർ
കേരള പബ്ലിക് സർവീസ് കമ്മീഷൻ
ജില്ലാ ആഫീസ്, പത്തനംതിട്ട.

വിതരണാനുമതി നൽകുന്നു.

സെക്ഷൻ ആഫീസർ